**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1605** **13-02-2025 - ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കേരഗ്രാമം പദ്ധതിയിലൂടെ എന്തെല്ലാം സഹായങ്ങളാണ് കേരകർഷകർക്ക് നൽകുന്നതെന്ന് വിശദമാക്കാമോ; | (എ) | സമഗ്ര തെങ്ങുകൃഷി പരിപാലനത്തിനാണ് കേരഗ്രാമം പദ്ധതിയിൽ ഊന്നൽ നൽകുന്നത്. 100 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിന് പുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു. കേരഗ്രാമം പദ്ധതിയിൽ മൂന്ന് വർഷങ്ങളിലായി കർഷകർക്ക് ധനസഹായം നൽകുന്നു.<br><br>**കേരഗ്രാമം ഒന്നാം വർഷം** (100 ഹെക്ടർ വിസ്തൃതിയുള്ള കേരഗ്രാമം ) - താഴെ പറയും പ്രകാരം 25.67 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് ലഭ്യമാക്കുന്നു.<br><br>1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് Rs.19200/- രൂപ പ്രകാരം 100 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 19.2 ലക്ഷം രൂപ. ഇതിൽ താഴെ പറയുന്ന പ്രകാരം പ്രാദേശിക ആവശ്യാനുസരണം സംയോജിത പരിചരണ മുറകൾ/ പ്രവർത്തനങ്ങൾ തെരെഞ്ഞെടുക്കാവുന്നതാണ് .ഓരോ പ്രവർത്തന ഇനത്തിനും പരമാവധി 50% സബ്സിഡി നൽകുന്നു. |

(a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ്

(b) തൊണ്ട് അടുക്കൽ - 50 രൂപ/തെങ്ങ്

(c) ഇടവിള കൃഷി - 6000രൂപ/ ഹെക്ടറിന്

(d) സംയോജിതവളപ്രയോഗം

i)കുമ്മായം -9രൂപ/തെങ്ങ്

ii)രാസവളം/ജീവാണുവളങ്ങൾ, - 20രൂപ/തെങ്ങ്

iii)മഗ്നീഷ്യം സൾഫേറ്റ് - 3.75രൂപ/തെങ്ങ്

1v)ജൈവവളം - 25രൂപ/തെങ്ങ്

(e) സംയോജിതസസ്യസംരക്ഷണം

i) സസ്യസംരക്ഷണം - 10രൂപ/തെങ്ങ്

ii) കീടനാശിനി പ്രയോഗം (ആവശ്യാനുസരണം) ജൈവീകനിയന്ത്രണ ഉപാധികൾ പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ്

f) രോഗംബാധിച്ചതും ഉൽപ്പാദനശേഷി നശിച്ചതുമായ തെങ്ങ് മുറിച്ചുമാറ്റുന്നതിന് - 1000രൂപ/തെങ്ങ്

g) ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ ക്രമത്തിൽ പരമാവധി 2.5 ലക്ഷം രൂപ.

3. 25 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.

4. ജൈവ വള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവായി 1 ലക്ഷം രൂപ.

6. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, മിനി കയർനിർമ്മാണ/ സംസ്കരണ യൂണിറ്റ് തുടങ്ങിയവക്ക് 2 ലക്ഷം രൂപ വരെ ധനസഹായം SFAC-യുടെ മാനദണ്ഡം അനുസരിച്ചുള്ളതോ അല്ലാതെയോ നൽകുന്നുണ്ട്

7. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 7000/- രൂപ.

പരിചരണമുറകൾക്കായി 19.2ലക്ഷം രൂപയും 2 മുതൽ 7 - വരെ ഉള്ള ഘടകങ്ങൾക്കു 6.47-ലക്ഷം രൂപ

<table>
<tr>
<td></td>
<td></td>
<td></td>
<td>നൽകുന്നു. .ആകെ 25.67-ലക്ഷം രൂപ ഒന്നാംവർഷം ഒരുകേരഗ്രാമത്തിനു നൽകുന്നു .<br><br>കേരഗ്രാമം രണ്ടാം വർഷം:<br><br>രണ്ടാം വർഷം 100 ha തെങ്ങിൻ പ്രദേശത്ത് മേൽപ്പറഞ്ഞ സംയോജിത വള പ്രയോഗം, സംയോജിത സസ്യസംരക്ഷണം എന്നിവയ്ക്ക് 8 .00 ലക്ഷം രൂപ സഹായം നൽകുന്നു.<br><br>കേരഗ്രാമം മൂന്നാം വർഷം:<br><br>മൂന്നാം വർഷം 100 ha തെങ്ങിൻ പ്രദേശത്ത് സംയോജിത വള പ്രയോഗത്തിനായി 4 .00 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് സഹായം നൽകുന്നു.</td>
</tr>
<tr>
<td>(ബി)</td>
<td>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര കേര ഗ്രാമം അനുവദിച്ചിട്ടുണ്ട്; കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?</td>
<td>(ബി)</td>
<td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22, 2022-23, 2023-24 & 2024-25 വരെ 277 കേരഗ്രാമങ്ങളാണ് അനുവദിച്ചിട്ടുള്ളത്. കോഴിക്കോട് ജില്ലയിൽ താഴെ പറയുന്ന പഞ്ചായത്തുകളിലാണ് കേരഗ്രാമം അനുവദിച്ചിട്ടുള്ളത്.<br><br>
<table>
<tr><td colspan="2">2021-22</td></tr>
<tr><td>1</td><td>നരിക്കുനി</td></tr>
<tr><td>2</td><td>ചങ്ങരോത്ത്</td></tr>
<tr><td>3</td><td>പുറമേരി</td></tr>
<tr><td>4</td><td>വാണിമേൽ</td></tr>
<tr><td>5</td><td>ഒളവണ്ണ</td></tr>
<tr><td>6</td><td>തൂണേരി</td></tr>
<tr><td>7</td><td>മൊകവൂർ</td></tr>
<tr><td>8</td><td>ഉള്ള്യേരി</td></tr>
<tr><td>9</td><td>മണിയൂർ</td></tr>
<tr><td>10</td><td>തുറയൂർ</td></tr>
<tr><td>11</td><td>കൊടിയത്തൂർ</td></tr>
<tr><td>12</td><td>കടലുണ്ടി</td></tr>
<tr><td>13</td><td>ഒഞ്ചിയം</td></tr>
<tr><td>14</td><td>തിക്കോടി</td></tr>
<tr><td>15</td><td>ഫറോക്</td></tr>
<tr><td>16</td><td>കൂടരഞ്ഞി</td></tr>
<tr><td colspan="2">2022-23</td></tr>
<tr><td>1</td><td>നാദാപുരം</td></tr>
<tr><td>2</td><td>ചെക്യാട്</td></tr>
</table></td>
</tr>
</table>

| | |
|---|---|
| 3 | വില്ല്യാപ്പള്ളി |
| 4 | പെരുവയൽ |
| 5 | കൊയിലാണ്ടി |
| 6 | കുത്താളി |
| 7 | കായണ്ണ |
| 8 | ഓമശ്ശേരി |
| 9 | പുതുപ്പാടി |
| 2023-24 | |
| 1 | കാവിലുംപാറ |
| 2 | ആയഞ്ചേരി |
| 3 | നടുവണ്ണൂർ |
| 4 | കൊടുവള്ളി |
| 2024-25 | |
| 1 | മുക്കം |
| 2 | ചേമഞ്ചേരി |
| 3 | പേരാമ്പ്ര |
| 4 | വടകര |
| 5 | താമരശ്ശേരി |
| 6 | മാവൂർ |
| 7 | കോട്ടൂർ |
| 8 | എലത്തൂർ |

സെക്ഷൻ ഓഫീസർ